GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/10/2026

1. റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. 2026-ൽ പരമ്പരാഗത മേഖലയിൽ കൃഷിചെയ്തവർക്ക് കേന്ദ്രസർക്കാരിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ നവംബർ 6 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ്സൈറ്റിലെ ഇ- സർവീസസ് മെനു വഴി ലോഗിൻ ചെയ്യുതുവേണം

അപേക്ഷകൾ സമർപ്പിക്കാൻ. ഹെക്ടറിന് 40,000 രൂപയാണ് ധനസഹായനിരക്ക്. റബ്ബറുത്പാദകസംഘങ്ങളിലെ സമൂഹസംസ്കരണശാലകളുടെ നവീകരണത്തിനും മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമാണത്തിനും നിലവിലുള്ള സമൂഹസംസ്കരണശാലകളിൽ കൂടുതൽ പുകപ്പുരകൾ നിർമിക്കുന്നതിനുമുള്ള സാമ്പത്തികസഹായം, റബ്ബർപാൽ ശേഖരണത്തിനും ഡി.ആർ.സി. പരിശോധിക്കുന്നതിനുമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം, കാർഷിക യന്ത്രവത്കരണത്തിനായി സ്പ്രേയറുകളും ഡസ്റ്ററുകളും വാങ്ങുന്നതിനുള്ള സാമ്പത്തികസഹായം റബ്ബറുത്പാദകസംഘങ്ങൾ. സ്വയം സഹായ ഗ്രൂപ്പുകൾ (SHGs), റബ്ബർ ടാപ്പേഴ്സ് ഗ്രൂപ്പുകൾ (RTGs). ലേബർ ഗ്രൂപ്പുകൾ (LGs) തുടങ്ങിയവയുടെ രൂപവത്കരണത്തിനുള്ള സാമ്പത്തികസഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ 'സർവ്വീസ് പ്ലസ്' പോർട്ടലിലൂടെ നവംബർ 13 വരെ സമർപ്പിക്കാവുന്നതാണ്. റെയിൻഗാർഡിങ്, സ്പ്രേയിങ് എന്നിവയ്ക്കുള്ള പദ്ധതികൾ പ്രകാരം സാമ്പത്തികസഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 30 വരെ നീട്ടി. വിശദവിവരങ്ങൾ റബ്ബർബോഡിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോഡ് റീജണൽ ഓഫീസുകൾ, ഫീൽഡ്

സ്റ്റേഷനുകൾ, റബ്ബർബോർഡ് കോൾസെന്റർ നമ്പറായ 0481-2576622 എന്നീവയുമായി ബന്ധപ്പെടാം.

2. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജ് നടപ്പാക്കുന്ന കസ്റ്റോഡിയൻ കർഷക ശാക്തീകരണ പദ്ധതിയിലേക്ക് ജില്ലയിലെ കർഷകർക്ക് അപേക്ഷിക്കാം. പരമ്പരാഗത വിളകളും വിത്തുകളും, നാടൻ പശു, ആട്, പന്നി, കോഴി, താറാവ്, തനത് മത്സ്യയിനങ്ങൾ എന്നിവ സംരക്ഷിക്കുന്ന കർഷകർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സൗജന്യ കാർഷിക കിറ്റ് നൽകും. കർഷക സംഗമം, ആദരിക്കൽ, വിത്ത് കൈമാറ്റം, പരമ്പരാഗത വിഭവങ്ങളുടെ പ്രദർശനം, വിപണന മേള എന്നിവയും സംഘടിപ്പിക്കും. കർഷകർ തങ്ങളുടെ കൃഷിയിടത്തിൽനിന്നുള്ള രണ്ട് ചിത്രങ്ങളും 7293323325 , 8921826100 എന്നീ നമ്പറുകളിലേക്ക് വാട്സാപ്പ് ചെയ്ത് രജിസ്റ്റർ ചെയ്യാം. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് മാത്രമാണ് അവസരം.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ / കേന്ദ്രങ്ങളിൽ ആർ എഫ് രീതിയിൽ നടത്തപ്പെടുന്ന യു.ജി. പ്രോഗ്രാമുകളുടെ NRI കാട്ട സീറ്റുകളിലേക്ക്

അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി 31.10.2026 വരെ നീട്ടിയിരിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

4. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മക്കണ്ടകരിയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ പരിശീലനകേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 26 മുതൽ 30 വരെയുള്ള തീയതികളിൽ കർഷകർക്ക് പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർക്ക് 8089151789/ 9496332048/ 8304948553 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ വാട്സ്അപ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റ് വെള്ളായണി ഒക്ടോബർ 23 ന് **കൂൺ കൃഷിയിലും**, ഒക്ടോബർ 27ന് **'തെങ്ങ് കൃഷി നടീലും പരിപാലന രീതികളും'** എന്ന വിഷയത്തിലും, ഒക്ടോബർ 31 ന് **'മൈക്രോഗ്രീൻ കൃഷി'** എന്ന വിഷയത്തിലും നടത്തുന്ന

ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ പരിശീലന പരിപാടിക്കും ₹500/- രൂപ വീതമാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.